SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram – 695003,

Website: fibkerala.gov.in E-mail:piofibtvm@gmail.com Telephone: 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

14-08-2021

# എഫ് ഐ ബി കാർഷികവാർത്തകൾ – FIB FARM NEWS

1. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ വിപണി ഇടപെടൽ പദ്ധതിയുടെ ഭാഗമായി ഓണ സമൃദ്ധി 2021 എന്ന പേരിൽ 17-08-2021 മുതൽ 20-08-2021 വരെ സംസ്ഥാനത്തുടനീളം **2000 നാടൻ പഴം - പച്ചക്കറി കർഷക ചന്തകൾ** സംഘടിപ്പിക്കുന്നു. ഈ കർഷക ചന്തകളിലൂടെ പ്രാദേശിക കർഷകരിൽ നിന്നും പച്ചക്കറികൾ പൊതു വിപണിയിലെ സംഭരണ വിലയെക്കാൾ 10 ശതമാനം അധിക വിലയ്ക്ക് സംഭരിയ്ക്കുകയും പൊതുവിപണി വിൽപ്പന വിലയേക്കാൾ 30 ശതമാനം വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്യും. ഇതോടൊപ്പം ഉത്തമ കൃഷി മുറയിലൂടെ ഉൽപാദിപ്പിച്ച പച്ചക്കറികൾ പൊതു വിപണിയിലെ സംഭരണ വിലയെക്കാൾ 20 ശതമാനം അധിക വിലയ്ക്ക് സംഭരിക്കുകയും പൊതുവിപണി വിൽപ്പന വിലയേക്കാൾ 10 ശതമാനം വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. 2000 കർഷക ചന്തകളുടെ **സംസ്ഥാനതല ഉദ്ഘാടനം** ആഗസ്റ്റ് 16ന് വൈകിട്ട് 3.30 മണിക്ക് കേരള മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. കൃഷിവകുപ്പ് മന്ത്രി പി.പ്രസാദ് ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കും. കർഷക കൂട്ടായ്മകൾ ഉത്പാദിപ്പിച്ച നാടൻ ഉത്പന്നങ്ങളുടെ ഏറ്റുവാങ്ങൽ വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടിയും പച്ചക്കറികളുടെ ആദ്യ വിൽപ്പന ഗതാഗതവകുപ്പ് മന്ത്രി ആന്റണി രാജുവും പ്രകൃതി സൗഹൃദ കൃഷിയിലൂടെ ഉൽപാദിപ്പിച്ച ഉത്പന്നങ്ങളുടെ ഏറ്റുവാങ്ങൽ ഭക്ഷ്യ പൊതുവിതരണ വകുപ്പു മന്ത്രി ജി. ആർ. അനിലും നിർവഹിക്കും.

3. സംസ്ഥാന **കർഷകദിനത്തിന്റെ ഉദ്ഘാടനം** ചിങ്ങം 1 (ആഗസ്റ്റ് 17) രാവിലെ 9.30 മണിക്ക് ആലപ്പുഴ ജില്ലാ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ പി.പി. സ്വാതന്ത്ര്യം സ്മാരക കമ്മ്യൂണിറ്റി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

14-08-2021

ഹാളിൽ കൃഷിവകുപ്പ് മന്ത്രി പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിക്കും. ചടങ്ങിൽ ഫിഷറീസ്, സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ കർഷക-കർഷകതൊഴിലാളികളെ ആദരിക്കും.

4. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 45 ദിവസം പ്രായമായ അത്യുൽപാദനശേഷിയുള്ള ബി.വി 380 ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കുഞ്ഞൊന്നിനു 160 രൂപയാണ് വില. മുൻകൂട്ടി ബുക്ക് ചെയ്തവർക്ക് നേരിട്ട് വന്നു വാങ്ങാവുന്നതാണ്. അല്ലാത്തവർ **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ ബന്ധപ്പെടുക.

5. കേരള കാർഷിക സർവകലാശാല നടത്തിവരുന്ന ഓർഗാനിക് അഗ്രികൾച്ചർ, അഗ്രികൾച്ചറൽ സയൻസസ് എന്നീ രണ്ട് ദ്വിവത്സര ഡിപ്ലോമ കോഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ ഓൺലൈനായി ഈ മാസം 26 വരെ സമർപ്പിക്കാം. വിശദവിവരങ്ങൾക്ക് www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**പരിശീലന പരിപാടികൾ**

6. കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (14/08/2021 ന്) രാവിലെ 10.30 മണി മുതൽ മലപ്പുറം ജില്ലയിലെ ക്ഷീര സംഘങ്ങളിലെ ലാബ് അസിസ്റ്റന്റുമാർക്ക്/പ്രോക്യൂർമെന്റ് അസിസ്റ്റന്റുമാർക്ക് **ഭക്ഷ്യ സുരക്ഷ നിയമം - 2006, പാൽ ഗുണനിലവാരത്തിന്റെ പ്രാധാന്യം, പരിശോധന ലാബ് സജ്ജീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ലാബിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ** (http://meet.google.com/pep-zeev-wzg) എന്ന വിഷയത്തിലും ഉച്ചക്ക് 2 മണിക്ക് **പാൽ ഗുണനിലവാര പരിശോധന, രാസവസ്തുക്കളുടെ പ്രിപ്പറേഷൻ, ടെസ്റ്റിംഗ് ഉപകാരണങ്ങളുടെ പ്രവർത്തനം, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

14-08-2021

(http://meet.google.com/oci-twpt-ygn) എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു.

7. തലയോലപ്പറമ്പ് മൃഗസംരക്ഷണപരിശീലന കേന്ദ്രത്തിൽ നിന്നും ഈ മാസം 16-ന് **കാടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ **9188522706** എന്ന വാട്സാപ്പ് നമ്പരിലേക്ക് പേരും പരിശീലനത്തിന്റെ പേരും വാട്ട്സാപ്പ് സന്ദേശമായി അയച്ചു നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. വിശദ വിവരങ്ങൾക്ക് **04829 234323** എന്ന നമ്പരിൽ ബന്ധപ്പെടുക.

8. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 16,17 തീയതികളിൽ **പന്നി വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക. **0471 – 2732918, 9188522701.**

9. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (സമേട്ടിയുടെ) ആഭിമുഖ്യത്തിൽ ഈ മാസം 17-ന് വൈകിട്ട് 7 മണി മുതൽ **കാർഷിക മേഖലയിലെ ജൈവ സുരക്ഷ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. **സമേതി കേരളയുടെ SametiKeralaExtensionEducationChannel.education** എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിവരങ്ങൾക്ക് 0471 – 2740440 എന്ന നമ്പരിലോ sametikerala@gmail.com എന്ന മെയിലിലോ ബന്ധപ്പെടുക.

10. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 17-ന് **അക്വേറിയം നിർമ്മാണവും പരിചരണവും** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0496 2966041, 9567804551** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

14-08-2021

11. തിരുവനന്തപുരം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 17-ന് **പച്ചക്കറി കൃഷിയിലെ രോഗകീട നിയന്ത്രണം** എന്ന വിഷയത്തിൽ രാവിലെ 11 മണിക്ക് ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9400288040** എന്ന നമ്പരിൽ ബന്ധപ്പെടുക.

12. വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനോടനുബന്ധിച്ചുള്ള തീറ്റപ്പുൽകൃഷി പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 18-ന് രാവിലെ 10.30 മുതൽ **ഹൈഡ്രോപോണിക്സ് ആന്റ് മെക്കനൈസേഷൻ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ **9400831831** എന്ന വാട്ടസാപ്പ് നമ്പരിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2501706** എന്ന നമ്പരിലോ sfftraining2021@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

**കേരള സർവകലാശാല കാർഷിക നിർദ്ദേശങ്ങൾ**

13. നെൽപ്പാടങ്ങളിൽ മണ്ടരിബാധ കണ്ടുവരുന്നു. ഇലകളുടെ അടിവശത്ത് ഇരുന്നു ചെറുപ്രാണികൾ കൂട്ടത്തോടെ നീരൂറ്റിക്കുടിക്കുന്നതു കാണാം. ഇലകളിലെ ഹരിതകം നഷ്ടപ്പെടുന്നതിനാൽ ഇത്തരം ആക്രമണം ഉള്ള ഇലകളിൽ വെളുത്ത പാടുകൾ കാണുകയും ശേഷം ഇലകൾ മഞ്ഞളിച്ചു ഉണങ്ങിപ്പോകുകയും ചെയ്യുന്നു. ഇവയെ നിയന്ത്രിക്കുന്നതിനായി സ്പൈറോമെസിഫെൻ എന്ന കീടനാശിനി 7 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക.

sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**